**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1459**

**21.03.2012-ൽ**
**മറുപടിയ്ക്ക്**

**മാധവ് ഗാഡ്ഗിൽ സമിതിയുടെ ശുപാർശകൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.റ്റി.എൻ.പ്രതാപൻ**<br>**ശ്രീ.കെ.അച്ചുതൻ**<br>**ശ്രീ.പാലോട് രവി** | **ശ്രീ. കെ. സി. ജോസഫ്**<br>**ഗ്രാമ വികസനവും ആസൂത്രണവും**<br>**സാംസ്കാരികവും വകുപ്പ് മന്ത്രി** |
| (എ) പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ചു പഠിച്ച മാധവ് ഗാഡ്ഗിൽ സമിതിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; | (എ) മാധവ് ഗാഡ്ഗിൽ സമിതിയുടെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.<br><br>1. പാരിസ്ഥിതികവും, ശാസ്ത്രീയ വുമായ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ പശ്ചിമഘട്ട മേഖലകളെ, പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് മൂന്ന് സോണുകളായി തരം തിരിച്ച് ഓരോ സോണിലും, അവയുടെ പ്രാധാന്യം മുൻ നിർത്തി സംരക്ഷണ പ്രവർത്ത നങ്ങൾ നടത്തണമെന്നും, പരി സ്ഥിതിക്കനുകൂലമല്ലാത്ത ഇടപെടലുകൾ നിയന്ത്രിക്കണമെ ന്നുമാണ് മുഖ്യ ശുപാർശ.<br><br>2. നിർദ്ദിഷ്ട നിയന്ത്രണങ്ങൾ നടപ്പാക്കാനായി കേന്ദ്രതലത്തിൽ പശ്ചിമഘട്ട ആവാസവ്യവസ്ഥാ അതോറിറ്റിയും(WGEA)സംസ്ഥാ നതലങ്ങളിൽ സംസ്ഥാന പശ്ചിമഘട്ട ആവാസവ്യവസ്ഥാ അതോറിറ്റിയും സ്ഥാപിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. |

3. ഭൂവിനിയോഗം, കെട്ടിട നിർമ്മാണം, മാലിന്യ സംസ്ക്കരണം, ജലം, കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വനവൽക്കരണം, ജൈവവൈവിധ്യം. ഖനനം, മണൽഖനനം, മലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങൾ, അല്ലാത്തവ, ഊർജ്ജം, ഗതാഗതം, ടൂറിസം, വിദ്യാഭ്യാസം, ശാസ്ത്ര സാങ്കേതികം എന്നീ വിഷയങ്ങളിൽ ഓരോ നിർദ്ദിഷ്ട സോണിലും നടപ്പാക്കേണ്ട നിയന്ത്രണങ്ങൾ സംബന്ധിക്കുന്ന മാർഗ്ഗരേഖകൾ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഈ ശുപാർശകളെ സംബന്ധിച്ചുള്ള അഭിപ്രായമെന്താണ്;

(ബി) പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യം സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ രണ്ടു പക്ഷമില്ലെങ്കിലും കേരളത്തിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് വിദഗ്ദ്ധ സമിതിയുടെ ശുപാർശകൾ അതേപടി നടപ്പിലാക്കുന്നതിലുള്ള സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി കൂടുതൽ ചർച്ചകൾ നടത്താൻ തയ്യാറാകുമോ ?

(സി) ഈ വിഷയം മുഖ്യമന്ത്രി ബന്ധപ്പെട്ട കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആവശ്യമാകുന്ന പക്ഷം കൂടുതൽ ചർച്ചകൾ നടത്തുന്നതാണ്.

Sheela M

**സെക്ഷൻ ഓഫീസർ**